(ബി) എങ്കിൽ ഏത് വർഷം വരെ നിയമിതരായവർക്കാണ് പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുന്നത് ;

(സി) പ്രസ്തുത ആനുകൂല്യം ദീർഘിപ്പിക്കുന്നതിലൂടെ എത്ര അദ്ധ്യാപകർക്ക് ഇതിന്റെ ഗുണം ലഭിക്കും ;

(ഡി) നിലവിൽ എത്ര സംരക്ഷിത അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

(ഡി) 487 എച്ച്.എസ്.എ. മാരും 1545 അസിസ്റ്റന്റ് ടീച്ചർമാരും 886 സ്പെഷ്യലിസ്റ്റ് ടീച്ചർമാരും ഉൾപ്പെടെ 2009-10-ൽ 2918 സംരക്ഷിത അദ്ധ്യാപകർ ഉണ്ട്.

പത്തനംതിട്ട ജില്ലയിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

56 (3803) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ട് ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നു ;

(സി) വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2009-10-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2918 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട്.

(ബി&സി) 7 എച്ച്.എസ്.എ. മാരും, 31 അസിസ്റ്റന്റ് ടീച്ചർമാരും 2 സ്പെഷ്യലിസ്റ്റ് ടീച്ചർമാരും ഉൾപ്പെടെ, 2009-10-ൽ, പത്തനംതിട്ട ജില്ലയിൽ, 40 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്.

അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ വ്യവസ്ഥകൾ

57 (3804) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം ഡിവിഷൻ കുറഞ്ഞതിനാൽ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly